വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ വിദേശ പര്യടനത്തിന് ചെലവായ തുക

1405. [2000] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31-5-1985 വരെ വിദ്യുച്ഛക്തി വകുപ്പുമന്ത്രി വിദേശ രാജ്യങ്ങൾ സന്ദർശിച്ച വകുപ്പിൽ എത്ര സംഖ്യ ബോർഡിൽ നിന്ന് ഏകദേശം കൊടുക്കാനുണ്ടാകും ;

(ബി) അത് ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചതിൻെറ പേരിൽ ആണ് ?

ഉത്തരം

(എ) വിദ്യുച്ഛക്തി ബോർഡിൽ നിന്നും 97,457 രൂപ ചെലവായിട്ടുണ്ട്,

(ബി) കാനഡയും അമേരിക്കയും സന്ദർശിച്ചതിൻെറ പേരിലാണ്.

പാറപ്പുറത്ത് ഹരിജൻ സെറ്റിൽമെൻറ് വൈദ്യുതീകരിക്കുന്നതിന് നടപടി

1406. [2001] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോഴിക്കോട് റൂറൽ ഡിവിഷനിലെ പാറപ്പുറത്ത് ഹരിജൻ സെറ്റിൽമെൻറ് വൈദ്യുതീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പണി എപ്പോൾ തുടങ്ങും ?

ഉത്തരം

(എ) ഉണ്ട് .

(ബി) ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള വർക്കിംഗ് ഗ്രൂപ്പിൻെറ ശുപാർശ കിട്ടുമ്പോൾ പണി തുടങ്ങുന്നതാണ്.

വർദ്ധിപ്പിച്ച കറണ്ട് ചാർജ്ജിൻെറ പലിശ അടയ്ക്കാത്തതുകൊണ്ട് തെരുവുവിളക്കുകൾ കത്തിക്കാത്ത പഞ്ചായത്തുകൾ

1407. [2002] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ച കറൻറ് ചാർജ്ജ് കുടിശികയില്ലാതെ അടച്ചു തീർത്ത പഞ്ചായത്തുകളിൽ പിഴയും പലിശയും സർചാർജ്ജും മാത്രം അടച്ചില്ലെന്ന കാരണത്താൽ എത്ര പഞ്ചായത്തുകളിൽ തെരുവു വിളക്കുകൾ കത്തിക്കാതെയുണ്ട് ;

(ബി) അതിൽ തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകൾ ഏതെല്ലാമാണ് ;

(സി) 4-6-1984-ൽ ഇതു സംബന്ധമായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം നടന്നോ ;

(ഡി) എങ്കിൽ ആ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഈ തീരുമാനത്തിനെതിരായി തൃശ്ശൂർ ജില്ലയിലെ കൊരട്ടി, അന്നമനട, മറ്റത്തൂർ എന്നീ പഞ്ചായത്തുകളിൽ മാത്രം തെരുവു വിളക്കുകൾ കത്തിക്കാതിരുന്നതിനെപ്പറ്റി അന്വേഷണം നടത്തി ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുഴുവൻ വിവരവും ലഭിച്ചു കഴിഞ്ഞിട്ടില്ല. കോഴിക്കോട് ചീഫ് എഞ്ചിനീയറുടെ പ്രവർത്തനപരിധിയിലുള്ള നാലു പഞ്ചായത്തുകളിൽ തെരുവു വിളക്കുകൾക്കുള്ള വൈദ്യുതി വിച്ഛേദിച്ചിട്ടുണ്ട് .

(ബി) കൊരട്ടി, അന്നമനട, മറ്റത്തൂർ എന്നിവയാണ് തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകൾ.

(സി) നടന്നിട്ടുണ്ട് .

(ഡി) 1. തൃശ്ശൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള മറ്റെല്ലാ സ്വയംഭരണ സ്ഥാപനങ്ങളും 1984 ഏപ്രിൽ 1 മുതൽ തെരുവു വിളക്കുകൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് 1982 സെപ്റ്റംബർ ഒന്നിനു മുമ്പുള്ളതും 1982 സെപ്റ്റംബർ ഒന്നിന് മുമ്പു നിലവിലിരുന്നതും സെപ്റ്റംബർ 1 മുതൽ പ്രാബല്യത്തിൽ വന്നതുമായ നിരക്കുകൾ തമ്മിലുള്ള വ്യത്യാസത്തിന്റെ അറുപതു ശതമാനവും കൂടി 1982-ലെ പുതുക്കിയ താരീഫ് നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ അന്തിമ തീരുമാനമാകുന്നതുവരെ നൽകേണ്ടതാണ് .

2. എല്ലാ സ്വയംഭരണ സ്ഥാപനങ്ങളും 9/82—നു മുമ്പുണ്ടായിരുന്ന നിരക്കിൽ കുടിശ്ശിക വരുത്തിയ തുക 30-6-1984 മുൻപ് അടച്ചു തീർക്കേണ്ടതാണ്.

3. 1982 സെപ്റ്റംബർ ഒന്നിനു മുൻപും പിൻപും ഉള്ള നിരക്കുകളുടെ വ്യത്യാസത്തിന്റെ 60 ശതമാനം 1984 ജൂൺ മുതൽ 9 ഗഡുക്കളായി അടച്ചു തീർക്കണം.

4. 1984 ജൂൺ മുതൽ മാസംതോറും അടയ്ക്കേണ്ട വൈദ്യുതി ചാർജ്ജ് മുഴുവനായി അതതു തീയതികളിൽ തന്നെ അടച്ചുതീർക്കേണ്ടതുമാണ്.

5. സ്വയംഭരണ സ്ഥാപനങ്ങൾ പ്രതിമാസം അടയ്ക്കാനുള്ള വൈദ്യുതി ബില്ലുകളോ കുടിശ്ശികയുടെ മാസഗഡുക്കളോ അടയ്ക്കാൻ വീഴ്ച വരുത്തുന്നപക്ഷം അവർക്ക് നൽകുന്ന വൈദ്യുതി നിയമാനുസൃതമുള്ള നോട്ടീസ് നൽകി വിച്ഛേദിക്കുന്നതാണ്.

മുകളിൽ പരാമർശിച്ചിട്ടുള്ള 9 ഗഡുക്കളെ സംബന്ധിച്ചിടത്തോളവും കറൻറ് ചാർജ്ജ് കുടിശ്ശികയ്ക്ക് ബാധകമായ 18 ശതമാനം പിഴ അടയ്ക്കേണ്ടതാണ്.

(ഇ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എടുത്ത തീരുമാനമനുസരിച്ച് കൊരട്ടിയും അന്നമനടയും പഞ്ചായത്തുകൾ പിഴ അടയ്ക്കാത്തതുകൊണ്ടും മറ്റത്തൂർ പഞ്ചായത്ത് കറൻറ് ചാർജ്ജ് അടയ്ക്കാത്തതുകൊണ്ടുമാണ് വൈദ്യുതി വിച്ഛേദിച്ചത്. ഇക്കാര്യത്തിൽ ബോർഡുദ്യോഗസ്ഥന്മാർ തെറ്റുകൾ ഒന്നും ചെയ്തിട്ടില്ല.

അരിക്കുളം പഞ്ചായത്തിൽ മിനിമം ഗാരണ്ടി വെച്ചവർക്ക് വൈദ്യുതി ലഭിച്ചില്ലെന്ന പരാതി

1408. [2003] പ്രൊഫ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ അരിക്കുളം പഞ്ചായത്തിലെ 1, 2 വാർഡുകളിലെ മിനിമം ഗാരണ്ടിവച്ച മുഴുവനാളുകൾക്കും വൈദ്യുതി ലഭിച്ചില്ലെന്ന പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പരാതിയിൻമേൽ എന്തു നടപടി എടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly